പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.341 03.02.2020 ൽ മറുപടിയ്ക്ക്

# നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ അടുത്ത സീസണിലെ നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ അടുത്ത സീസണിലെ നെല്ല് സംഭരണത്തിന് സപ്ലൈകോ പ്രാരംഭമായി രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംഭരണം സുഗമമായി നടപ്പാക്കുന്നതിന് 50 മില്ലുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ്തലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നിന്ന് സപ്ലൈകോയിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിലും കൃഷിവകുപ്പിൽ നിന്നും working arrangement അടിസ്ഥാനത്തിലും ഉദ്യോഗസ്ഥരെ വിന്യസിച്ച് സംഭരണം സുഗമമാക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ ആകെ എത്ര നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ നിന്നും കഴിഞ്ഞ സീസണിൽ ആകെ 98740.4 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (സി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അതിന്റെ കണക്ക് നൽകാമോ; കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്ത് തീർക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ? | (സി) | 2018-19 സീസണിൽ പി.ആർ.എസ് വായ്പ പദ്ധതി പ്രകാരവും ഡയറക്ട് പേയ്മെൻറ് ഇനത്തിലുമായി മുഴുവൻ തുകയും കർഷകർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. എന്നാൽ ബാങ്കുകൾ കർഷകർക്ക് ആകെ നൽകിയ പി.ആർ.എസ് ലോൺ തുകയായ 1712.83 കോടി രൂപയിൽ 371.24 കോടി രൂപ തിരിച്ചടവായി നാളിതുവരെ നൽകുകയും ബാക്കി തുകയായി നൽകുവാനുള്ളത് 1341.59 കോടി രൂപയുമാണ്. SLBC അധികൃതരുമായി യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ ബാങ്കുകൾക്ക് നൽകുവാനുള്ള NPA ഇനത്തിലുള്ള കുടിശ്ശിക തുക താമസംവിനാ നൽകുന്നതാണെന്നും, ബാങ്കുകൾ PRS സ്വീകരിക്കുന്നതാണെന്നും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ